## ശിവരാമകൃഷ്ണൻ പറഞ്ഞു...

# ഞാൻ അങ്ങയിൽ ദൈവത്തെ കാണുന്നു

സ്വന്തം ലേഖകൻ

കൊച്ചി: ഗുജറാത്തിലെ അഹമ്മദാബാദുകാരൻ പ്രവീൺകുമാർ പട്ടേലിനെ കണ്ടപ്പോൾ കോഴിക്കോട് സ്വദേശി ശിവരാമകൃഷ്ണൻ പറഞ്ഞു- ഞാൻ അങ്ങയിൽ ദൈവത്തെ കാണുന്നു . ജീവിതത്തിനും മരണത്തിനും ഇടയ്ക്കുള്ള നൂൽപ്പാലത്തിലൂടെ കടന്നുപോയ തന്നെ ജീവിതത്തിൽ ഉറപ്പിച്ചു നിർത്തിയ ആ കരങ്ങളിൽ ശിവരാമകൃഷ്ണൻ ഭക്തിപൂർവം തൊട്ടു. ദൈവികമായ തുടിപ്പ് അനുഭവിച്ചപോലെ അദ്ദേഹം വിറകൊണ്ടു. ശിവരാമകൃഷ്ണനു കണ്ണീരടക്കാനായില്ല.

രക്താർബുദബാധിതനായി മരണത്തെ മുഖാമുഖം കണ്ട ശിവരാമകൃഷ്ണന്റെ ചികിത്സയ്ക്കായി രക്തമൂലകോശം ദാനം ചെയ്തതു പ്രവീണായിരുന്നു. അപരന്റെ ജീവൻ രക്ഷിക്കാൻ അവസരം തന്നതിൽ ദൈവത്തോടു നന്ദി പറഞ്ഞുപ്രവീൺ കുമാർ പട്ടേലും വിനയാന്വിതനായി.

രണ്ടു വർഷംമുമ്പാണു മൂലകോശം മാറ്റിവച്ചതെങ്കിലും ഇരുവരും തമ്മിലുള്ള ആദ്യ കൂടിക്കാഴ്ച നടന്നത് ഇന്നലെ മാത്രം. രക്തമൂലകോശം ദാനം ചെയ്തയാളും സ്വീകരിച്ചയാളും തമ്മിലുള്ള കൂടിക്കാഴ്ച കേരളത്തിൽ ഇതാദ്യസംഭവം. കൊച്ചിയിലെ കെ.പി. വള്ളോൻ റോഡിൽ പ്രവർത്തിക്കുന്ന കൊച്ചിൻ പാലസിലെ നാലാം നിലയിലെ ഹാളിൽ ഇന്നലെ ഉച്ചയ്ക്കു 11.30ഓടെയായിരുന്നു കൂടിക്കാഴ്ച.

പ്രവീണിനെ കണ്ടപ്പോൾ ശിവരാമകൃഷ്ണൻ അടക്കാനാവാത്ത വികാരത്തള്ളിച്ചയിലായി. സങ്കടവും അതിലുപരി സന്തോഷവും. അതിരില്ലാത്ത ആഹ്ലാദത്തിന്റെ ആകാശത്തിൽ ഇരുവരും ചേർന്നുനിൽക്കുന്നതിനു സാക്ഷിയാകാൻ ശിവരാമകൃഷ്ണന്റെ കുടുംബവും എത്തിയിരുന്നു.




കൊച്ചിൻ പാലസ് ഹാളിൽ ധാത്രി ബ്ലഡ് സ്റ്റെം സെൽ ഡോണേഴ്സ് രജിസ്ട്രി സംഘടിപ്പിച്ച ചടങ്ങിൽ മൂലകോശ സ്വീകർത്താവായ ശിവരാമകൃഷ്ണൻ (ഇടത്ത്) ദാതാവായ പ്രവീൺകുമാർ പട്ടേലിനൊപ്പം - ദീപിക.

ചെന്നൈ ആസ്ഥാനമായ ധാത്രി ബ്ലഡ് സ്റ്റെം സെൽ ഡോണേഴ്സ് രജിസ്ട്രി എന്ന പ്രസ്ഥാനമാണു ശിവരാമകൃഷ്ണന്റെയും പ്രവീണിന്റെയും കൂടിക്കാഴ്ചയ്ക്ക് അവസരമൊരുക്കിയത്. ഇരുവരും വ്യവസായികളാണെന്നത് ആകസ്മികതയായി. 2014 ജനുവരിയിൽ പിത്താശയം നീക്കം ചെയ്യാനായുള്ള ശസ്ത്രക്രിയ സമയത്തു നടത്തിയ രക്തപരിശോധനയിലാണു ശിവരാമകൃഷ്ണനു രക്താർബുദം കണ്ടെത്തിയത്.

മൈലോഡിസ്പ്ലാസ്റ്റിക് സിൻഡ്രോം എന്ന രക്താർബുദമാണെന്നു വിശദപരിശോധനയിൽ സ്ഥിരീകരിച്ചു. കീമോ തെറാപ്പിയും മജ്ജമാറ്റിവയ്ക്കലുമായിരുന്നു ഡോക്ടർമാർ നിർദേശിച്ചത്. കുടുംബത്തിൽ നിന്നും ബന്ധുക്കളിൽനിന്നും സാമ്യമുള്ള മൂലകോശം ലഭിക്കാതെ വന്നപ്പോഴാണു ചെന്നൈയിലെ ധാത്രി സ്ഥാപനത്തെ സമീപിച്ചത്. 2012ൽ ധാത്രി നടത്തിയ ഡോണർ രജിസ്ട്രേഷൻ ക്യാമ്പ് വഴിയാണു പ്രവീൺകുമാർ മൂലകോശ ദാതാവായി രജിസ്റ്റർ ചെയ്തത്. മൂലകോശങ്ങൾ ദാനം ചെയ്യാൻ പ്രവീൺ തയാറായതോടെ 2014 ജൂൺ 30, ജൂലൈ ഒന്ന് തീയതികളിലായി ശസ്ത്രക്രിയ നടത്തി.

സ്വയം വിഘടിച്ചു വളരാൻ ശേഷിയുള്ള കോശങ്ങളാണു മൂലകോശങ്ങൾ. ഇതുപയോഗിച്ചു പല കാൻസർ രോഗങ്ങളും ചികിത്സിക്കാറുണ്ട്. രക്താർബുദത്തിനു മജ്ജ മാറ്റിവയ്ക്കുന്ന ചികിത്സയാണ് ഏറ്റവും സാധാരണമായ മൂലകോശ ചികിത്സ.

ഗുജറാത്ത് സ്വദേശിയാണ് എന്നല്ലാതെ പ്രവീണിനെക്കുറിച്ച് ഒരുവിവരവും തനിക്കും കുടുംബത്തിനും ഇന്നലെ വരെ ഇല്ലായിരുന്നുവെന്നു ശിവരാമകൃഷ്ണൻ പറഞ്ഞു. ആളുകളുടെ ഇടയിൽതന്നെ ദൈവങ്ങളുണ്ടെന്ന് അനുഭവം തന്നെ ബോധ്യപ്പെടുത്തിയെന്നും അദ്ദേഹം പറഞ്ഞു.

ഇടപ്പള്ളി അമൃത ആശുപത്രിയിലാണു ശിവരാമകൃഷ്ണനെ ശസ്ത്രക്രിയ്ക്കു വിധേയനാക്കിയത്.

അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ഓങ്കോളജി വിഭാഗം പ്രഫസർ ഡോ. നീരജ് സിദ്ധാർഥാണു ശസ്ത്രക്രിയ്ക്കു നേതൃത്വം നൽകിയത്. എന്തിനേയും നേരിടാനുള്ള മാനസികാവസ്ഥയിലാണു ശിവരാമകൃഷ്ണൻ തന്നെ സമീപിച്ചതെന്നു ഡോ. നീരജ് പറഞ്ഞു. ചികിത്സയ്ക്കിടെ ഇത് ആത്മവിശ്വാസം പകർന്നുവെന്നും അദ്ദേഹം പറഞ്ഞു.

ധാത്രിയുടെ നിയമമനുസരിച്ചു ദാതാവിന്റെയും സ്വീകർത്താവിന്റെയും വിവരങ്ങൾ ഒരു വർഷത്തേക്കു വെളിപ്പെടുത്താനാവില്ല. ശിവരാമകൃഷ്ണന്റെ രോഗം പൂർണമായും ഭേദമായെന്നു ഡോക്ടർ സ്ഥിരീകരിച്ചപ്പോൾ ഇരുവർക്കും പരസ്പരം കാണാനുള്ള ആഗ്രഹം സാധിച്ചുകൊടുക്കുകയായിരുന്നുവെന്നു ധാത്രി ഡോണർ ഡ്രൈവ് കോ-ഓർഡിനേറ്റർ എബി സാം ജോൺ പറഞ്ഞു. ചടങ്ങിൽ പ്രവീൺ കുമാർ പട്ടേലിന് ഐജി ശ്രീജിത്ത് മെമന്റോ സമ്മാനിച്ചു. ശിവരാമകൃഷ്ണന്റെ ഭാര്യ ജയന്തി, മക്കളായ വിദ്യ, വിഘ്നേശ് എന്നിവരും സന്നിഹിതരായിരുന്നു.

അമൃത ആശുപത്രിയിൽ ശിവരാമകൃഷ്ണനെ പരിചരിച്ച നഴ്സുമാരും മറ്റു സഹായികളും ചടങ്ങിൽ പങ്കെടുത്തു.

## ഭക്ഷണത്തിൽ റോസ്‌വാട്ടർ ചേർത്താൽ കർശന നടപടി

തിരുവനന്തപുരം: ഭക്ഷ്യയോഗ്യ ... ഉത്പന്നത്തിൽ മാരകമായ പ്രൊപ്പി

## സംസ്ഥാന സർക്കാരിന് ഇരട്ടത്താപ്പ്: കുമ്മനം

തിരുവനന്തപുരം: പ്രകോപനപരമായ പ്രസംഗത്തിന്റെ പേരിൽ

## ഓണത്തിനു 1500 മെഗാ ഫെയറുകൾ: മന്ത്രി